# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1301.

06-03-2018 ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതി

**ചോദ്യം**
ശ്രീ. എം. ഉമ്മർ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കാർഷിക മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ വേണ്ടത്ര പരിഗണന നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉന്നത തലങ്ങളിൽ അവലോകനം ചെയ്ത് കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | 2011 മുതൽ 2018 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷവും കാർഷിക മേഖലയിൽ ചെലവഴിച്ച കേന്ദ്രാവിഷ്കൃത പദ്ധതിത്തുക എത്രയെന്ന് അറിയിക്കാമോ; | (ബി) | 2011 മുതൽ 2018 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷവും കാർഷിക മേഖലയിൽ ചെലവഴിച്ച കേന്ദ്രാവിഷ്കൃത പദ്ധതിതുകയുടെ വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ സർക്കാർ വന്നശേഷം കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം പൂർണ്ണമായും ഉപയോഗിക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | ഓരോ സാമ്പത്തിക വർഷവും തൊട്ടുമുൻപുള്ള സാമ്പത്തിക വർഷാവസാനമോ ആ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലോ ഒരോ പദ്ധതിയ്ക്കുള്ള പ്രസ്തുത സാമ്പത്തിക വർഷത്തെ മൊത്തമായ ടെൻഡേറ്റീവ് അലോക്കേഷൻ കേന്ദ്രസർക്കാർ അറിയിക്കുന്ന മുറയ്ക്ക് പദ്ധതിയ്ക്കുള്ള വാർഷിക ആക്ഷൻ പ്ലാൻ സംസ്ഥാന വിഹിതം ഉൾപ്പെടെ ആക്ഷൻ പ്ലാൻ അംഗീകരിച്ച് ഒന്നോ രണ്ടോ ഗഡുക്കളായി തുക അനുവദിക്കുന്ന രീതിയാണ് നിലവിലുള്ളത്. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) പദ്ധതിയൊഴികെ കേന്ദ്രാവിഷ്കൃത പദ്ധതികളായ വൃഷ്ടി പ്രദേശ വികസന പദ്ധതി (RAD), പരമ്പരാഗത കൃഷി വികാസ് യോജന (PKVY), നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ്സ് & ഓയിൽ പാം (എണ്ണപ്പന കൃഷി വ്യാപനം-NMOOP), ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതി (NFSM) എന്നീ പദ്ധതികൾക്ക് 2015-16 ൽ കേന്ദ്രം അനുവദിച്ച തുക ട്രഷറി നിയന്ത്രണം മൂലം 2016-17 ൽ ആണ് ഉപയോഗിക്കാൻ സാധിച്ചത്. ഈ |

| | | | |
|---|---|---|---|
| | | | സ്ഥിതി വിശേഷം ഒഴിവാക്കുന്നതിന് 28/03/2017-ലെ 1053625/CC1/2016/PLG നമ്പർ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം പ്ലാനിംഗ് ആൻഡ് എക്കണോമിക്സ് അഫയേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ കോ-ഓർഡിനേഷൻ സെൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തുകയും സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് കേന്ദ്ര അലോക്കേഷൻ പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള പദ്ധതികൾക്കെല്ലാം തന്നെ സമയബന്ധിതമായി പ്രൊപ്പോസലുകളും ആന്വൽ ആക്ഷൻ പ്ലാനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY), പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY), സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി പദ്ധതി (SMAF), വൃഷ്ടി പ്രദേശ വികസന പദ്ധതി (RAD), ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി (NFSM), സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM), പ്രധാനമന്ത്രി ഫസൽ ബീമാ യോജന (PMFBY), സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ (SMAE) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സമയബന്ധിതമായിത്തന്നെ ഭരണാനുമതിയും ഫണ്ട് റിലീസ് ഓർഡറും അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതികളിലെ SCP, TSP കംപോണന്റുകൾക്ക് നിലവിൽ അക്കൗണ്ട് ഹെഡ് ഇല്ലാത്തതിനാൽ അവ പ്രത്യേകമായി ധന പുനഃ വിനിയോഗം വഴി കണ്ടെത്തി വിനിയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2011-12

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | നാളികേര വികസന ബോർഡ് പദ്ധതികൾ | |
| എ) | സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനം | 22.9 |
| ബി) | പ്രാദേശിക തെങ്ങിൻതൈ നേഴ്സറികൾ സ്ഥാപിക്കൽ | 29.98 |
| 2 | നെൽകൃഷി വികസനം | 486.83 |
| 3 | നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ | 126.29 |
| 4 | ദേശീയ ബയോഗ്യാസ് പദ്ധതി | 361.7 |
| 5 | തെങ്ങിൻ തോട്ടങ്ങളിൽ സമഗ്ര നാളികേര വികസനം | 264.37 |
| 6 | കാർഷിക യന്ത്രവൽക്കരണം | 173.58 |
| 7 | നീർമ്മറി വികസനം | 241.2 |
| 8 | നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ്സ് & ഓയിൽ പാം | 7.5 |
| 9 | രാഷ്ട്രീയ കൃഷി വികാസ് യോജന | 25303 |
| 10 | നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ | 4149.15 |
| 11 | ആത്മ പദ്ധതി ((മുൻവർഷങ്ങളിലെ ചെലവഴിക്കാൻ സാധിക്കാത്ത നീക്കിയിരിപ്പ് തുക ഉൾപ്പെടെ ചെലവഴിച്ചത്) | 1728 |

2012-13

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | നാളികേര വികസന ബോർഡ് പദ്ധതികൾ | |
| എ) | സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനം | 52.44 |
| 2 | നെൽകൃഷി വികസനം | 510.7 |
| 3 | നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ | 226.67 |
| 4 | ദേശീയ ബയോഗ്യാസ് പദ്ധതി (റീ-ഇമ്പേഴ്സ്മെന്റ് സ്കീം - പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക ബജറ്റിൽ നിന്നും കണ്ടെത്തുകയും പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഓഡിറ്റ് ചെയ്ത ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറക്ക് കേന്ദ്ര സർക്കാരിൽ നിന്നും തുക റീ-ഇമ്പേഴ്സ്മെന്റായി നൽകുന്നു.) | 228.47 |
| 5 | തെങ്ങിൻ തോട്ടങ്ങളിൽ സമഗ്ര നാളികേര വികസനം | 492.42 |
| 6 | കാർഷിക യന്ത്രവൽക്കരണം | 149.49 |
| 7 | നീർമ്മറി വികസനം | 360 |
| 8 | രാഷ്ട്രീയ കൃഷി വികാസ് യോജന | 18289 |
| 9 | പോസ്റ്റ് ഹാർവെസ്റ് ടെക്നോളജി പ്രോത്സാഹനവും ശാക്തീകരണവും | 14.05 |
| 10 | കാർഷിക യന്ത്രവൽക്കരണം (100%) | 20 |
| 11 | നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ (മുൻവർഷങ്ങളിലെ നീക്കിയിരിപ്പിൽ നിന്നും പലിശയിനത്തിൽ നിന്നും ലഭ്യമായ തുക ഉൾപ്പെടെ വിനിയോഗിച്ചത്.) | 3531.37 |
| 12 | ആത്മ പദ്ധതി | 836.7 |

**2013-14**

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ([illegible]) |
|---|---|---|
| 1 | നാളികേര വികസന ബോർഡ് പദ്ധതികൾ | |
| എ) | സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനം | 11.785 |
| ബി) | പ്രാദേശിക തെങ്ങിൻതൈ നേഴ്സറികൾ സ്ഥാപിക്കൽ | 14.95 |
| 2 | നെൽകൃഷി വികസനം | 3.78 |
| 3 | നാഷണൽ ഇ-ഗവേർണൻസ് | 256.54 |
| 4 | നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ (ആർജ്ജിച്ച പലിശതുക കൂടി പദ്ധതി നടത്തിപ്പിന് വിനിയോഗിച്ച ) | 110.49 |
| 5 | ദേശീയ ബയോഗ്യാസ് പദ്ധതി (റീ-ഇമ്പേഴ്സ്മെന്റ് പദ്ധതിയായതിനാൽ പദ്ധതിക്കുള്ള തുക ബജറ്റിൽ നിന്നും കണ്ടെത്തും) | 176.23 |
| 6 | തെങ്ങിൻ തോട്ടങ്ങളിൽ സമഗ്ര നാളികേര വികസനം | 520.88 |
| 7 | കാർഷിക യന്ത്രവൽക്കരണം | 62.42 |
| 8 | കാർഷിക വിജ്ഞാനവ്യാപനം (ആർജ്ജിച്ച പലിശ ഉൾപ്പെടെ ചെലവഴിച്ചത്) | 1568.00 |
| 9 | രാഷ്ട്രീയ കൃഷി വികാസ് യോജന | 25624.00 |
| 10 | നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ (മുൻവർഷങ്ങളിലെ നീക്കിയിരിപ്പിൽ നിന്നും പലിശയിനത്തിൽ നിന്നും ലഭ്യമായ തുക ഉൾപ്പെടെ വിനിയോഗിച്ചത്.) | 3423.45 |

**2014-15**

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനം | 14.79 |
| 2 | പ്രാദേശിക തെങ്ങിൻതൈ നേഴ്സറികൾ സ്ഥാപിക്കുക | 14.985 |
| 3 | ആത്മ പദ്ധതി (ആർജ്ജിച്ച പലിശതുക ഉൾപ്പെടെ ചെലവഴിച്ചത്) | 1626.00 |
| 4 | സബ്മിഷൻ ഓൺ സീഡ്സ് ആൻഡ് പ്ലാന്റിംഗ് മെറ്റീരിയൽസ് | 156.00 |
| 5 | റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് (250.00 ലക്ഷം രൂപ ~~2015-16~~ 2014-2015 ൽ ചെലവഴിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയത് 2015-16 ൽ ചെലവഴിച്ചിട്ടുണ്ട്.) | 250.00 |
| 6 | ഓൺ ഫാം വാട്ടർ മാനേജ്മെന്റ് | 375.00 |
| 7 | നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ്സ് & ഓയിൽ പാം | 24.00 |
| 8 | ബയോഗ്യാസ് ഡെവലപ്മെന്റ് പദ്ധതി | 213.00 |
| 9 | തെങ്ങിൻ തോട്ടങ്ങളിൽ സമഗ്ര നാളികേര വികസന പദ്ധതി | 223.63 |
| 10 | ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ (ആർജ്ജിച്ച പലിശ ഉൾപ്പെടെ ചെലവഴിച്ചത്) | 284.20 |
| 11 | രാഷ്ട്രീയ കൃഷി വികാസ് യോജന | 30007.00 |
| 12 | നാഷണൽ ഇ-ഗവേർണൻസ് പദ്ധതി | 75.105 |
| 13 | നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ | 3384.29 |

2015-16

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | രാഷ്ട്രീയ കൃഷി വികാസ് യോജന (ബാക്കി തുക ഈ സാമ്പത്തിക വർഷം (2016-17 ചെലവഴിച്ചു.)) | 6781.80 |
| 2 | നാളികേര വികസന ബോർഡ് പദ്ധതികൾ | |
| എ) | പ്രാദേശിക തെങ്ങിൻതൈ നേഴ്സറികൾ സ്ഥാപിക്കുക | 3.20 |
| 3 | സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ആത്മ പദ്ധതി | 1002.05 |
| 4 | ഓൺ ഫാം വാട്ടർ മാനേജ്മെന്റ് | 85.62 |
| 5 | പി.എം.കെ.എസ്.വൈ. - ഒരോ തുള്ളി ജലത്തിൽ നിന്നും കൂടുതൽ വിളവ് - പി.എം.കെ.എസ്.വൈ. കപ്പാസിറ്റി ബിൽഡിങ് | 127.20 |
| 6 | സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ | 228.21 |
| 7 | ജില്ലാതല ഇറിഗേഷൻ പ്ലാൻ തയ്യാറാക്കൽ | 70.00 |
| 8 | സബ്മിഷൻ ഓൺ സീഡ്സ് ആൻഡ് പ്ലാന്റിംഗ് മെറ്റീരിയൽസ് | 3.5 |
| 9 | സോയിൽ ഹെൽത്ത് കാർഡ് | 60.93 |
| 10 | സോയിൽ ഹെൽത്ത് മാനേജ്മെന്റ് | 141.29 |
| 11 | ആർ.എ.ഡി. | 250 |
| 12 | ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ (2014-15 ൽ കേന്ദ്രസർക്കാർ ലഭ്യമാക്കിയ തുകയുടെ ബാക്കി തുകയായ 95.51 ലക്ഷം രൂപയിൽ സംസ്ഥാന സർക്കാർ ലഭ്യമാക്കിയതും 2015-16 ൽ ചെലവഴിച്ചതുമായ തുക) | 85.10 |
| 13 | ചെറുകിട തെങ്ങിൻ തോട്ടങ്ങളുടെ സമഗ്ര വികസനം | 60.38 |
| 14 | ബയോഗ്യാസ് | 154.35 |
| 15 | നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ (മുൻവർഷങ്ങളിലെ നീക്കിയിരിപ്പിൽ നിന്നും പലിശയിനത്തിൽ നിന്നും ലഭ്യമായ തുക ഉൾപ്പെടെ വിനിയോഗിച്ചത്.) | 2932.77 |

## 2016-17

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതി (CDB) | 3.2 |
| 2 | സബ്മിഷൻ ഓൺ അഗ്രി. എക്സ്റ്റൻഷൻ (SMAE) | 1181.180 |
| 3 | നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി (NHM) | 2500.00 |
| 4 | നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാം (NeGPA) | 231.180 |
| 5 | പരമ്പരാഗത കൃഷി വികാസ് യോജന (PKVY) | 382.220 |
| 6 | രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) | 9276.00 |
| 7 | ദേശീയ ഭക്ഷ്യസുരക്ഷ മിഷൻ (NFSM) | 75.51 |
| 8 | നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ്സ് & ഓയിൽ പാം എണ്ണപ്പനകൃഷി വ്യാപനം (NMOOP) | 2.00 |
| 9 | സബ്മിഷൻ ഓൺ അഗ്രി മെക്കനൈസേഷൻ (SMAM) | 108.92 |
| 10 | നാഷണൽ മിഷൻ ഓൺ സസ്റ്റെയിനബിൾ അഗ്രിക്കൾച്ചർ (NMSA) | 15.00 |
| 11 | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) | 70.00 |
| 12 | വൃഷ്ടി പ്രദേശ വികസന പദ്ധതി (RAD) | 150.00 |

2017-18

| | | ചെലവഴിച്ച തുക ([illegible]) |
|---|---|---|
| 1 | സബ്മിഷൻ ഓൺ അഗ്രി. എക്സ്റ്റൻഷൻ (SMAE) | 766.23 |
| 2 | മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) | 1245+500=1745.00 |
| 3 | രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) | 5540.00 |
| 4 | സബ്മിഷൻ ഓൺ അഗ്രി. മെക്കനൈസേഷൻ (SMAM) | 163.386 |

സെക്ഷൻ ഓഫീസർ